<u>കേരള സർക്കാർ</u>

<u>ജലവിഭവ വകുപ്പ്</u>

<u>ദർഘാസ് പരസ്യം</u>

<u>നമ്പർ. 6/എഇഇ/2017-18</u> തീയ്യതി .15.02.2018.

കേരള ഗവർണ്ണർക്കുവേണ്ടി തൃശ്ശൂർ ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂർ മദ്ധ്യമേഖലാ സൂപ്രണ്ടിങ്ങ് എഞ്ചിനീയർ ഓഫീസ് പരിസരത്തിൽ എല്ലാ സജ്ജീകരണങ്ങളോടും കൂടിയ കാന്റീൻ കെട്ടിടത്തിൽ 1-4-2018 മുതൽ 31-3-2019 വരെ കാന്റീൻ നടത്തുന്നതിന് കാന്റീൻ നടത്തി പരിചയമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ മുദ്രവെച്ച കവറുകളിൽ തപാൽവഴി മാത്രം ദർഘാസ് ക്ഷണിച്ചുകൊള്ളുന്നു.

മുദ്രവെച്ച കവറുകൾക്കു മുകളിൽ തൃശ്ശൂർ ഇറിഗേഷൻ കാന്റീൻ നടത്തുന്നതിനുള്ള ദർഘാസ് 2018-19 എന്നെഴുതി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ സബ് ഡിവിഷൻ, തൃശ്ശൂർ - 680 020 എന്ന മേൽവിലാസത്തിൽ **2018 ഫെബ്രുവരി മാസം 22-ാം** തിയ്യതി ഉച്ചകഴിഞ്ഞ് 2.30 മണിക്ക് മുൻപായി കിട്ടത്തക്കവണ്ണം അയച്ചിരിക്കേണ്ടതാണ്. ദർഘാസിനോടൊപ്പം 2700/- രൂപ നിരതദ്രവ്യമായി സർക്കാർ ഖജനാവിലോ, ഏതെങ്കിലും അംഗീകൃത ബാങ്കിലോ അടച്ചതിന്റെ രസീതും അടക്കം ചെയ്യേണ്ടതാണ്. നിർദ്ദിഷ്ട ദർഘാസ് പ്രമാണങ്ങൾ തൃശ്ശൂർ ഇറിഗേഷൻ സബ്ഡിവിഷൻ ഓഫീസിൽ നിന്നും **ഫെബ്രുവരി മാസം 28-ാം** തിയ്യതി ഉച്ചക്ക് 1 മണി വരെ ഓഫീസ് പ്രവർത്തന സമയങ്ങളിൽ ദർഘാസ് പ്രമാണങ്ങളുടെ വിലയായ 500/- രൂപയും 0701-01-800-99-മറ്റു വരവുകൾ എന്ന ശീർഷകത്തിലും ചരക്കു സേവന നികുതി 6% വീതം 0006-00-101-01-CGST, 8658-00-102-96-38-SGST എന്ന ശീർഷകത്തിലും പ്രത്യേകം പ്രത്യേകം ചലാനുകളിൽ ട്രഷറിയിൽ ഒടുക്കി ചലാൻ രശീതി സഹിതം അപേക്ഷിക്കുന്ന നിശ്ചിത വിഭാഗം കരാറുകാർക്ക് താഴെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്നും അവസാന വിൽപ്പന ദിവസം ഉച്ചക്ക് ഒരു മണി വരെ ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെ ഒപ്പുവച്ച ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്ന് എല്ലാ പ്രവൃത്തി ദിവസങ്ങളിലും, സമയങ്ങളിലും അന്വേഷിച്ചറിയാവുന്നതാണ്.

ദർഘാസിനോടൊപ്പം നിശ്ചിത ഫോറത്തിലുള്ള പ്രാരംഭ എഗ്രിമെന്റ് 200/- രൂപയുടെ മുദ്രക്കടലാസിൽ തയ്യാറാക്കി അടക്കം ചെയ്യേണ്ടതാണ്. എഗ്രിമെന്റിന്റെ മാതൃക ഓഫീസ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ദർഘാസ് സംബന്ധമായ നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കും.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
ഇറിഗേഷൻ സബ് ഡിവിഷൻ
തൃശ്ശൂർ - 680 020.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
(കേരള ഗവർണ്ണർക്കുവേണ്ടി)

OFFICE OF THE ASSISTANT EXECUTIVE ENGINEER
Date.................
IRRIGATION SUB DIVISION TRICHUR

<table>
<tr><td colspan="2" align="center">ജലസേചന വകുപ്പ്</td></tr>
<tr><td colspan="2" align="center">ദർഘാസ് പരസ്യം</td></tr>
<tr><td colspan="2" align="center">വിൻഡോ നം. 06/എഇഇ/2017-18 തിയിതി.15.02.2018</td></tr>
<tr><td colspan="2" align="center">അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ</td></tr>
<tr><td colspan="2" align="center">ഇറിഗേഷൻ സബ് ഡിവിഷൻ</td></tr>
<tr><td colspan="2" align="center">തൃശ്ശൂർ-680020<br>ഫോൺ- 0487-2322780,</td></tr>
<tr><td colspan="2">തൃശ്ശൂർ മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസ് പരിസരത്തിൽ എല്ലാ സജ്ജീകരണങ്ങളോടും കൂടിയ കാന്റീൻ കെട്ടിടത്തിൽ 01.04.2018 മുതൽ 31.03.2019 വരെ കാന്റീൻ നടത്തുന്നതിന് സംബന്ധിച്ച്.</td></tr>
<tr><td colspan="2" align="center">അടങ്കൽ തുക : 1,08,000/</td></tr>
<tr><td>ദർഘാസ് പ്രമാണങ്ങൾ ലഭിക്കുന്ന അവസാന തിയതി</td><td>22/02/2018 ഉച്ചയ്ക്ക് 1.00 മണി വരെ.</td></tr>
<tr><td colspan="2" align="center">ദർഘാസ് വില: 500 രൂപ + ജി.എസ്.ടി</td></tr>
<tr><td>ദർഘാസ് പ്രമാണങ്ങൾ സ്വീകരിക്കുന്ന അവസാന തിയതി</td><td>28/02/2018 ഉച്ചയ്ക്ക് 2.30 മണി വരെ</td></tr>
<tr><td>ദർഘാസ് പ്രമാണങ്ങൾ തുറക്കുന്ന തിയതി</td><td>28/02/2018 ഉച്ചയ്ക്ക് 3.00 മണി</td></tr>
<tr><td colspan="2" align="center">നിരതദ്രവ്യം : 2,700/ രൂപ</td></tr>
<tr><td colspan="2" align="center">ദർഘാസുകൾ സ്വീകരിക്കുന്നത് ഇന്ത്യൻ തപാൽ റജിസ്റ്റേഡ് /<br>സ്പീഡ് പോസ്റ്റ്വഴി മാത്രം</td></tr>
</table>

OFFICE OF THE ASSISTANT EXECUTIVE ENGINEER
Date........ ..............
IRRIGATION SUB DIVISION TRICHUR

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ഇറിഗേഷൻ സബ് ഡിവിഷൻ, തൃശ്ശൂർ